(സി) ഇതിനായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽനിന്നും ആവശ്യമായ പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കായി യാതൊരുവിധ ഇൻഷ്വറൻസ് പദ്ധതിയും ഏർപ്പെടുത്തിയിട്ടില്ല.

(ബി) & (സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

77 [3511]. *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർവത്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് റേറ്റ് കാട്ട് ചെയ്തതെന്നും ഓരോ സ്ഥാപനത്തിന്റേയും റേറ്റ് എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) ഏതു സ്ഥാപനത്തെയാണ് കമ്പ്യൂട്ടർവത്ക്കരണത്തിന് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(സി) & (ഡി) 20-2-2003-ൽ വിളിച്ച ടെണ്ടറിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ഏഴു സ്ഥാപനങ്ങൾ പങ്കെടുത്ത് റേറ്റ് കാട്ട് ചെയ്തിട്ടുണ്ട്. ഓരോ കമ്പനിയും ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും സമർപ്പിക്കേണ്ടതാണ്. ടെക്നിക്കലി കാളിഫൈഡ് ആയ കമ്പനികളുടെ ഫിനാൻഷ്യൽ ബിഡുകൾ മാത്രമേ അടുത്ത ഘട്ടത്തിൽ പരിഗണിക്കുകയുള്ളു.

1. ഐ. എൽ. ആൻഡ് എഫ്. എസ്സ്., മുംബൈ.
2. കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
3. സെൻസാർ ടെക്നോളജീസ് ലിമിറ്റഡ്, പൂന.
4. ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ബാംഗ്ലൂർ.
5. നെസ്റ്റ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, ആലുവ.
6. കെൽട്രോൺ, തിരുവനന്തപുരം.
7. ബി. പി. എൽ. ടെലികോം പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ കമ്പനികളുടെ ടെക്നിക്കൽ ബിഡ് പരിശോധിച്ചതിൽ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ബാംഗ്ലൂർ, കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾ മാത്രമേ ടെക്നിക്കൽ ക്വാളിഫിക്കേഷൻ നേടിയുള്ളൂ. 11-6-2004-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നം. 211/04/ട്രാൻ. പ്രകാരം നിലവിൽ വന്ന ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം ക്വാളിഫിക്കേഷൻ നേടാത്ത മറ്റ് അഞ്ച് കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ് തുറന്ന് റേറ്റ് പരിശോധിക്കേണ്ട ആവശ്യം ഉണ്ടായില്ല. ടെക്നിക്കൽ ക്വാളിഫിക്കേഷൻ നേടിയ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് 47,97,99,886 രൂപയും കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ 48,79,73,385 രൂപയും ക്വാട്ട് ചെയ്തിരുന്നു. ടെക്നിക്കൽ ക്വാളിഫിക്കേഷൻ നേടിയ രണ്ട് കമ്പനികളിൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത കേന്ദ്ര സർക്കാർ സ്ഥാപനമായ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തെ കമ്പ്യൂട്ടർവൽക്കരണത്തിനായി ചുമതലപ്പെടുത്താനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

78 [3512] *ശ്രീ. ടി. കെ. ബാലൻ:*
,, *വി. കെ. ചന്ദ്രൻ:*
,, *ടി. പി. രാമകൃഷ്ണൻ:*
,, *രാജു എബ്രഹാം:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കമ്പ്യൂട്ടർവത്ക്കരണത്തിനായി കരാർ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ;

(ഡി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരണത്തിന് തയ്യാറായി വന്നിട്ടുണ്ട്;

(ഇ) ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഏതൊക്കെയായിരുന്നു; അന്തിമമായി കമ്പ്യൂട്ടർവൽക്കരണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ഇ) ഉണ്ട്. മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതി "ഫാസ്റ്റ്" (Fully Automated Service of

LIBRARY ARCHIVES Kerala Legislative Assembly